പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2319

08/07/2015 -ൽ മറുപടിയ്ക്ക്

**കൊട്ടാരക്കര ഗണപതി ക്ഷേത്രക്കുളം ശുദ്ധീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. | |
| എ) | കൊട്ടാരക്കര ഗണപതി ക്ഷേത്രക്കുളത്തിൽ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങാൻ ഇടയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്; | എ) | ഉണ്ട്. കുളത്തിലെ വെള്ളത്തിൽ Dissolved Ozygen (D.O) ഇല്ലാതിരുന്നതാണ് മത്സ്യങ്ങൾ ചത്തുപൊങ്ങാൻ കാരണമെന്ന് സർക്കാർ അനലിറ്റിക്കൽ ലാബോട്ടറി പരിശോധന യിൽ തെളിഞ്ഞിട്ടുണ്ട്. |
| ബി) | ക്ഷേത്രക്കുളത്തിലെ ജലത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് ക്രമാതീതമായി ഉയർന്ന നിലയിലാണ് എന്ന് വെളിപ്പെട്ടിട്ടുണ്ടോ; | ബി) | ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ് അനലിറ്റിക്കൽ ലാബോറട്ടറി പരിശോധനയിൽ ക്ഷേത്രക്കുളത്തിലെ ജലത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് അനുവദനീയമായതിലും വളരെ ഉയർന്ന നിലയിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| സി) | ക്ഷേത്രക്കുളത്തിലെ ജലം ശുദ്ധീകരിക്കുന്നതിന് അടിയന്തിരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | സി) | ക്ഷേത്രകുളത്തിലെ ജലം ശുദ്ധീകരിക്കുന്നതിന് ജലം പൂർണ്ണമായി വറ്റിച്ച് ചെളി വാരി വൃത്തിയാക്കുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കുന്നതിനുള്ള നടപടികൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വീകരിച്ചിട്ടുള്ളതായി ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ